©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 ജനുവരി 5<br>5th January 2021<br>1196 ധനു 21<br>21st Dhanu 1196<br>1942 പൌഷം 15<br>15th Pousha 1942 | നമ്പർ<br>No. | 1 |

## PART III

# Health Services Department

പുനർ ദർഘാസ്/ലേല പരസ്യം

നമ്പർ എ2-4727/2020. 2020 ഡിസംബർ 15.

തൃശ്ശൂർ സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്ന മരങ്ങളും വൃക്ഷത്തൈകളും മുറിച്ചുമാറ്റി കൊണ്ടുപോകാൻ തയ്യാറുള്ള വ്യക്തികളിൽ/കരാറുകാരിൽ/സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ഇതിലേക്കായുള്ള ദർഘാസുകൾ 11-1-2021-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് മുമ്പായി സൂപ്രണ്ട്, മാനസികാരോഗ്യകേന്ദ്രം, തൃശ്ശൂർ എന്ന മേൽവിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ദർഘാസ് ഫോറങ്ങൾ വി. പി. പി. ആയോ/മണി ഓർഡർ ആയോ അയയ്ക്കുന്നതല്ല. ലഭിച്ച ദർഘാസുകൾ അന്നേ ദിവസം ഉച്ചയ്ക്ക് 12.30-ന് ഹാജരുള്ള വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തിയുടെ പേരിൽ താൽക്കാലികമായി ഉറപ്പിക്കുന്നതും വകുപ്പ് മേധാവിയുടെ അംഗീകാരത്തിന് വിധേയമായി മരങ്ങൾ മുറിച്ചു മാറ്റാനുള്ള പൂർണ്ണാനുമതി നൽകുന്നതുമാണ്. ദർഘാസ് താൽക്കാലികമായി ഉറപ്പിക്കുന്ന വ്യക്തി ദർഘാസ് തുകയുടെ മുന്നിൽ ഒരു ഭാഗം തുക അപ്പോൾ തന്നെ കെട്ടിവയ്ക്കേണ്ടതുമാണ്. അംഗീകാരം ലഭിച്ച് രണ്ടാഴ്ചയ്ക്കകം ആശുപത്രി കോമ്പൗണ്ടിൽ നിന്നും മരങ്ങൾ മുറിച്ചുമാറ്റി നീക്കം ചെയ്യേണ്ടതാണ്.

മുദ്രവച്ച ഓരോ ദർഘാസിനോടും കൂടെ നിശ്ചിത മാതൃകയിൽ ₹ 200-ന്റെ മുദ്രപ്പത്രത്തിൽ എഗ്രിമെന്റും ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ എടുത്ത് തൃശ്ശൂർ ബ്രാഞ്ചിൽ മാറാവുന്ന ₹ 1000-യുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായും അടക്കം ചെയ്യേണ്ടതാണ്.

ദർഘാസ് അംഗീകരിക്കുന്ന വ്യക്തി ലേലത്തുകയും, നിയമാനുസൃതമായ വിൽപ്പന നികുതിയും സർക്കാരിലേക്ക് ഒടുക്കാൻ ബാദ്ധ്യസ്ഥനാണ്. ലേലം ചെയ്യാൻ ഉദ്ദേശിക്കുന്ന മരങ്ങൾ മുൻകൂട്ടി കണ്ട് ബോദ്ധ്യപ്പെടാൻ ആഗ്രഹിക്കുന്നവർ ആശുപത്രി അധികാരികളിൽ നിന്നും മുൻകൂർ അംഗീകാരവും അനുമതിയും ലഭിച്ച ശേഷം മാത്രം ആശുപത്രി കോമ്പൗണ്ടിൽ പ്രവേശിക്കേണ്ടതാണ്.

കാരണങ്ങൾ ഒന്നും കാണിക്കാതെ തന്നെ ദർഘാസ്/ ലേലനടപടികൾ നീട്ടിവയ്ക്കുന്നതിനും നിരാകരിക്കുന്ന തിനുമുള്ള പരിപൂർണ്ണ അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ആഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്. മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ ആശുപത്രി കെട്ടിടങ്ങൾക്കോ സ്ഥാവര ജംഗമ വസ്തുക്കൾക്കോ യാതൊരുവിധ കേടുപാടുകളും സംഭവിക്കാൻ പാടില്ലാത്തതാണ്.

ദർഘാസ് ഫോറങ്ങളുടെ വില:

അസ്സൽ—₹ 400 (വിൽപ്പന നികുതി പുറമെ).

ദർഘാസ് വിൽപ്പന—4-1-2021-ാം തീയതി മുതൽ 8-1-2021-ാം തീയതി വൈകിട്ട് 4 മണി വരെ.

ദർഘാസ് ലഭിച്ചിരിക്കേണ്ട അവസാന തീയതിയും സമയവും—11-1-2021-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് മുമ്പ്.

(മുറിക്കുന്ന മരങ്ങൾക്ക് പകരം ഇരട്ടി മരങ്ങൾ നട്ടു പിടിപ്പിക്കേണ്ടതാണ്.)

സർക്കാർ മാനസിക ആരോഗ്യ കേന്ദ്രം, (ഒപ്പ്)
തൃശ്ശൂർ. സൂപ്രണ്ട്.